(ബി) ഓഹരിവാഷ്യ, ദീർഘകാലവാഷ്യ, മാനേജീറിയൽ ധനസഹായം നാടൻവള്ളങ്ങൾക്കു് സബ്സിഡി, യന്ത്രവൽകൃത ബോട്ടുകളിൽ പരിശീലനത്തിലും ബോട്ടുവിതരണത്തിലും നൈലോൺ വിതരണത്തിലും സംഘങ്ങൾക്കു് മൻഗണന എന്നീ സഹായങ്ങൾ നൽകിവരുന്നു.

(സി) വാഷ്യ, ഗ്രാൻറു് എന്നീ ഇനങ്ങളിൽ 10.02 ലക്ഷം രൂപയും സബ്സിഡിസി ഇനത്തിൽ 30 ലക്ഷം രൂപയും വക കൊള്ളിച്ചിട്ടുണ്ടു്.

(ഡി) വാഷ്യ, ഗ്രാൻറു് എന്നീ ഇനങ്ങളിൽ 5,03,000 രൂപയും സബ്സിഡിസി ഇനത്തിൽ 88,548 രൂപയും നാളിതുവരെ ചെലവായിട്ടുണ്ടു്.

ശ്രീ. പി. എസ്. കാത്തികേയൻ : ഈ സഹായം നൽകുന്നതിനുള്ള സംഖ്യ യഥാകാലം ഈ സഹകരണസംഘങ്ങൾക്കു് കൊടുക്കുന്നുണ്ടോ, അതു് അവർക്കു് ലഭിക്കുന്നുണ്ടോ ? ഇതേപ്പറ്റി അന്വേഷിക്കുവാൻ ഗവണ്മെൻറിനു് വല്ല മെഷിനറിയുമുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: കഴിഞ്ഞകൊല്ലം നീക്കിവച്ചിട്ടുള്ള സംഖ്യ കൊടുക്കാൻ സാധിച്ചിട്ടുണ്ടു്. വേറെ വല്ല തുകയും കൊടുക്കാതെ ബാക്കിയുണ്ടെങ്കിൽ അതേപ്പറ്റി പരിശോധിക്കാം.

ശ്രീ. കെ. ആർ. വിജയൻ: ഈ യന്ത്രവൽകൃത ബോട്ടുകൾ സഹകരണസംഘങ്ങൾക്കു് കൊടുക്കണമെന്നുള്ള നയം ഗവണ്മെൻറു് സ്വീകരിച്ചിട്ടുള്ളതായി കാണുന്നു. എത്ര സഹകരണസംഘങ്ങൾക്കു് യന്ത്രവൽകൃതബോട്ടുകൾ കൊടുത്തിട്ടുണ്ടെന്നു ഉദ്ദേശം പറയാമോ?

ശ്രീ. കെ. കുഞ്ഞമ്പു : മൊത്തത്തിൽ യന്ത്രവൽകൃതബോട്ടുകൾ സഹകരണസംഘങ്ങൾക്കു് കൊടുക്കണമെന്ന തീരുമാനം എടുത്തിട്ടില്ല. സംസ്ഥാനവ്യാപകമായി കുറെ ആളുകൾ സഹകരണസംഘങ്ങളിൽ വന്നുചേർന്നിട്ടില്ലാത്തതുകൊണ്ടു് ചില പ്രത്യേക സ്ഥലങ്ങളിൽ ഗ്രൂപ്പു് തിരിച്ചുകൊണ്ടു് കൊടുക്കുകയാണു് പതിവു്. എന്നാൽ ആരോളം സഹകരണസംഘങ്ങൾക്കു് ഈ കൊല്ലം ഇത്തരം യന്ത്രവൽകൃതബോട്ടുകൾ കൊടുക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടു്.

ശ്രീ. ടി. കൃഷ്ണൻ : നീണ്ടകര ഒരു സഹകരണസംഘത്തിൻറെ പേരിൽ കൊടുത്ത 39 ബോട്ടുകളിൽ എത്രയെണ്ണം 13 ബോട്ടുകൾ കെട്ടിയിട്ടിരിക്കുന്നതായി കാണാൻ കഴിഞ്ഞു. അതു് ഗവണ്മെൻറിൻറെ അറിവോടുകൂടിയാണോ, അതോ സംഘടന ചെയ്തിരിക്കുകയാണോ?

ശ്രീ. കെ. കുഞ്ഞമ്പു: അതു് ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്, ഡിപ്പാർട്ടുമെൻറു് വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്.

പഞ്ചായത്തു് കമ്മിറ്റി

91. [6] † ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964 ജാനുവരി 1—ം നു- ഓരോ പഞ്ചായത്തിൻറെയും ചുമതലയുള്ള പുതിയ പഞ്ചായത്തു കമ്മിറ്റി ഏറെറടുത്തുവോ ;

(ബി) ഓരോ പഞ്ചായത്തിലും ഓരോ മരാമത്തു പണികൾ അതാതു പഞ്ചായത്തു പ്രസിഡൻറന്മാർ ഉൽഘാടനം ചെയ്യണമെന്നു് നേരത്തെ നിശ്ചയിച്ചിരുന്നോ ;

(സി) ഉണ്ടെങ്കിൽ ഓരോ പഞ്ചായത്തിലും ഉൽഘാടനം ചെയ്യപ്പെട്ട മരാമത്തു പണിയുടെ ഒരു ലിസ്റ്റു് മേശപ്പുറത്തു വയ്ക്കുവാൻ ദയവുണ്ടാകുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഏറെറടുത്തു.

(ബി) നിശ്ചയിച്ചിരുന്നു.

† Put by Shri . R. Balakrishna Pillai

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവരം ശേഖരിച്ചുവരുന്നതേയുള്ളൂ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പുതിയ പഞ്ചായത്തുകളൊക്കെ നിലവിൽ വന്നുകഴിഞ്ഞിരിക്കുന്ന ഈ സാഹചര്യത്തിൽ സ്വാഭാവികമായി ലഭിക്കുമായിരുന്ന ബേസിക്ക് ടാക്സിന്റെ വിഹിതവും മറ്റും ലഭിക്കുവാൻ ഇടയില്ലാത്ത പരിതസ്ഥിതിയെ കണക്കിലെടുത്തുകൊണ്ട് പഞ്ചായത്തിന്റെ പ്രവർത്തനം മന്ദഗതിയിലാകാതിരിക്കുവാൻ ബേസിക്ക് ടാക്സ് പിരിഞ്ഞുകിട്ടുന്നതുവരെ അത്രയും തുക ഗവണ്മെന്റിൽനിന്നും നൽകാൻ എന്തെങ്കിലും നടപടി എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : പഞ്ചായത്തിന്റെ ഭരണം സാമ്പത്തിക വിഷമം കൂടാതെ നടത്തിക്കൊണ്ടുപോകുവാൻ എന്തു നടപടികളാണ് എടുക്കേണ്ടതെന്നുള്ള കാര്യം ഗവണ്മെന്റ് ആലോചിച്ചുവരികയാണ്.

മൂന്നാം പദ്ധതി

* 92. [7] ശ്രീ കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പദ്ധതിയിലെ ഇക്കൊല്ലത്തെ വിഹിതത്തിൽ 1963 ഡിസംബർ 31 വരെ എത്ര തുക ചെലവായി;

(ബി) ആയത് ഇക്കൊല്ലത്തെ വിഹിതത്തിന്റെ എത്ര ശതമാനം വരും;

(സി) ചെലവായത് പ്രധാനമായും ഏതൊക്കെ വകുപ്പുകളിലാണ്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിയിലെ ഇക്കൊല്ലത്തെ വിഹിതത്തിൽ സംസ്ഥാനപദ്ധതികൾക്ക് 1963 ഡിസംബർ 31–ാം തീയതിവരെ പ്രാരംഭകണക്കുകൾ പ്രകാരം 16.37 കോടി ഉറുപ്പികയും, കേന്ദ്രപദ്ധതികൾക്കായി 1·83 കോടി ഉറുപ്പികയും ചെലവാക്കി. 1·83 കോടി ഉറുപ്പികയുടെ സംസ്ഥാന വിഹിതം ഉൾപ്പെടുന്നു.

(ബി) ആയത് സംസ്ഥാനപദ്ധതികൾക്കായി 49·8 ശതമാനവും, കേന്ദ്ര പദ്ധതികൾക്കായി 36 ശതമാനവുമാണ്.

(സി) ചെലവായത് പ്രധാനമായും താഴെ കാണുന്ന വികസനപദ്ധതികൾക്കാണ്.

1. കാർഷികോൽപ്പാദനം
2. ചെറുകിടജലസേചനം
3. സാമൂഹ്യവികസനം
4. വൻകിടജലസേചനം
5. വെള്ളപ്പൊക്ക നിയന്ത്രണവും കടലാക്രമണ നിരോധനവും
6. റോഡുകളും പാലങ്ങളും
7. പൊതുജനാരോഗ്യം
8. ഹരിജനോദ്ധാരണം.

ശ്രീ. കെ. ആർ. വിജയൻ : ഇക്കൊല്ലത്തേക്കു നീക്കിവച്ചിട്ടുള്ള തുക പൂർണ്ണമായിട്ട് മാർച്ച് 31-ാം തീയതിക്കുമുമ്പ് ചെലവാക്കാൻ കഴിയുമെന്ന് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly